സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 172 2024 ഒക്ടോബർ 24 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## കാശ്മീരിൽ വീണ്ടും അതിഥി തൊഴിലാളികൾക്ക് നേരെ ആക്രമണം; ഒരാൾക്ക് വെടിയേറ്റു

പുൽവാമ: കശ്മീരിൽ അതിഥി തൊഴിലാളിക്ക് നേരെ ആക്രമണം. ആക്രമണത്തിൽ ഒരാൾക്ക് വെടിയേറ്റു. ഉത്തർ പ്രദേശ് സ്വദേശി ശുഭം കുമാറിനാണ് വെടിയേറ്റത്. ആക്രമിച്ചവർക്കായുള്ള തിരച്ചിൽ ആരംഭിച്ചു.തെക്കൻ കശ്മീരിലെ പുൽവാമയിൽ ഇന്ന് രാവിലെയായിരുന്നു സംഭവം. ശുഭം കുമാറിന്റെ കയ്യിലാണ് വെടിയേറ്റത്. ഇയാളുടെ പരിക്ക് ഗുരുതരമല്ല. കഴിഞ്ഞ ദിവസം ഗന്ദർബാൽ ജില്ലയിൽ ഭീകരാക്രമണം നടത്തിയവർ തന്നെയാണോ ഈ സംഭവത്തിന് പിന്നിലുമെന്നാണ് പൊലീസ് സംശയിക്കുന്നത്. ഗന്ദർബാലിൽ നടന്ന ആക്രമണത്തിൽ ഒരു ഡോക്ടർ ഉൾപ്പടെ ഏഴ്പേർ കൊല്ലപ്പെട്ടിരുന്നു. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ അതിഥി തൊഴിലാളികൾക്കിടെ നടക്കുന്ന മൂന്നാമത്തെ ആക്രമണമാണിത്.

# തൃശൂരിൽ 104 കിലോ സ്വർണം പിടിച്ചെടുത്തു; കേരളത്തിലെ ഏറ്റവും വലിയ ജിഎസ്ടി റെയ്ഡ്

തൃശൂരിൽ 104 കിലോ സ്വർണം കണ്ടെത്തിയത് കേരളത്തിലെ ഏറ്റവും വലിയ ജിഎസ്ടി റെയ്ഡിൽ. 'ടെറെ ദൽ ഓറോ' (സ്വർണഗോപുരം) എന്നു പേരിട്ട പരിശോധനയിൽ പങ്കെടുത്തത് 640 ഉദ്യോഗസ്ഥർ. ആറുമാസത്തെ ആസൂത്രണത്തിനൊടുവിലായിരുന്നു റെയ്ഡ് നടത്തിയത്. ക്ലാസെന്നു പറഞ്ഞായിരുന്നു ഉദ്യോഗസ്ഥരെ വിളിച്ചത്. പിടിച്ചെടുത്ത സ്വർണത്തിന് 5% വരെ പിഴ ഈടാക്കും. കള്ളക്കടത്ത് സ്വർണം ഉണ്ടോയെന്നും പരിശോധിക്കും.

നഗരത്തിലെ സ്വർണാഭരണ നിർമാണ കേന്ദ്രങ്ങളിലും കടകളിലും ജിഎസ്ടി ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന തുടരുന്നു. കണക്കിൽപെടാത്ത നൂറു കിലോയിലധികം സ്വർണം ഇതുവരെ പിടിച്ചെടുത്തു. അഞ്ച് കൊല്ലത്തെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിരിക്കുന്നത്.

ജിഎസ്ടി ഇന്റലിജൻസിലെ 640 ഉദ്യോഗസ്ഥർ തൃശൂരിൽ റെയ്ഡിനായി പുറപ്പെട്ടത് വിനോദസഞ്ചാരികൾ ചമഞ്ഞ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എറണാകുളത്തും തൃശൂരിലുമായി ഉദ്യോഗസ്ഥർ സംഘടിച്ചു. പരിശീന ക്ലാസെന്ന് പറഞ്ഞാണ് ഉദ്യോഗസ്ഥരെ വരുത്തിയത്. റെയ്ഡ് വിവരം ചോരാതിരിക്കാനായിരുന്നു ഇത്. തൃശൂരിൽ വന്ന ശേഷം വിനോദസഞ്ചാര ബാനർ ബസിൽ കെട്ടി. 75 ഇടങ്ങളിൽ ഒരേ സമയം ഉദ്യോഗസ്ഥർ കയറി. സ്വർണാഭരണ നിർമാണ കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്.

ജി.എസ്.ടി. സ്പെഷ്യൽ കമ്മിഷണർ റൺ എബ്രഹാമിന്റെ നേതൃത്വത്തിലാണ് എഴുപത്തഞ്ചോളം ഇടങ്ങളിൽ പരിശോധന നടക്കുന്നത്. ഉല്ലാസ യാത്ര, ജിഎസ്ടി പരിശീലനം,

സ്റ്റോക്ക് റജിസ്റ്ററിൽ ഉള്ളതിനേക്കാൾ സ്വർണം പല സ്ഥാപനങ്ങളിൽ നിന്ന് പിടിച്ചു. ഒരു കിലോ സ്വർണം കണക്കിൽപ്പെടാതെ പിടിച്ചാൽ അഞ്ചു ശതമാനം വരെ പിഴ.

72 ലക്ഷം രൂപയാണ് ഒരു കിലോ സ്വർണത്തിന്റെ വില. പിടിച്ചെടുത്ത 104 കിലോ ട്രഷറിയുടെ ലോക്കറിലേക്ക് മാറ്റി. സ്വർണ ഗോപുരം എന്ന പേരിട്ടാണ് സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരിശോധന നടന്നത്.

## ഷോക്കേറ്റു കർഷകൻ മരിച്ചു, ലൈൻ പൊട്ടിവീണ വിവരം അറിയിച്ചിട്ടും അധികൃതർ എത്തിയില്ലെന്ന് ആരോപണം

എടത്വാ :വീയപുരം പുതുവൽ ദേവസ്വം തുരുത്ത് പാടശേഖരത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റു കർഷകൻ മരിച്ചു. എടത്വാ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡ് സ്വദേശി കഞ്ചിക്കൽ ബെന്നി ജോസഫ് (60) ആണ് മരിച്ചത്.

ബുധനാഴ്ച വൈകുന്നേരത്തെ കാറ്റിലും മഴയിലുമാണ് ലൈൻ പൊട്ടിവീണത്. വിവരം എടത്വാ കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ചിരുന്നുവെങ്കിലും ആരും തിരഞ്ഞുനോക്കിയില്ലെന്നാണ് നാട്ടുകാരുടെ ആരോപണം. ഇന്ന് രാവിലെ തന്റെ പാടത്തേക്ക് പോകുമ്പോഴാണ് ജോസഫിന് അപകടം സംഭവിച്ചത്.

പോലീസ് മേൽ നടപടികൾ സ്വീകരിച്ചു. മൃതദേഹം പച്ചയിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ

## 'ഞാൻ പോസിറ്റീവ് ചിന്താഗതിയുള്ള വ്യക്തി; തെറ്റ് ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്തത്"; വാദിച്ച് ദിവ്യ

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ തനിക്കെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് പി.പി. ദിവ്യ. ദീർഘകാലമായി പൊതുപ്രവർത്തനരംഗത്തുണ്ട്. ഇതുവരെ 7അവാർഡുകൾ ലഭിച്ചു. അഴിമതിക്കെതിരെ എപ്പോഴും നിലപാട് സ്വീകരിക്കുന്ന വ്യക്തിയാണ് താൻ. സർക്കാർ ജീവനക്കാരെല്ലാം അഴിമതിക്കാരെന്ന അഭിപ്രായമില്ല.

പോസിറ്റീവ് ചിന്താഗതി പുലർത്തുന്ന വ്യക്തിയാണ് താൻ. പോസിറ്റീവ് ചിന്താഗതിയോടെയാണ് യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തത്. തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുക എന്നത് ഉത്തരവാദിത്തമാണ്. കുറച്ച് പരാതികൾ വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വിമർശിച്ചത്. പ്രതിപക്ഷത്തിനും മാധ്യമങ്ങൾക്കും വേറെ അജണ്ടകളാണ്. മാധ്യമങ്ങൾ അവിടെ വേണം. പൊതു സമൂഹത്തിനു അങ്ങനെ എങ്കിലും ഒരു അവബോധം ഉണ്ടാകട്ടെ എന്ന് കരുതി.

എഡിഎമ്മിനെതിരെ വന്നത് 2 പരാതികളായിരുന്നു. പരാതി കിട്ടിയാൽ മിണ്ടാതെ ഇരിക്കണോ?'. ഭൂമിപ്രശ്നത്തിൽ ഗംഗാധരൻ എഡിഎമ്മിനെതിരെ പരാതി നൽകി. പ്രശാന്തൻ ഉന്നയിച്ചത് ഒരുലക്ഷം രൂപയുടെ കൈക്കൂലി ആരോപണമാണ്. അഴിമതി നടത്തിയാൽ ജയിലിൽ പോകേണ്ടിവരുമെന്നാണ് ഉദ്ദേശിച്ചത്. ജില്ലാ കലക്ടർ അറിയിച്ചത് അനുസരിച്ചത് ആണ് പരിപാടിക്ക് വന്നത്. ഔദ്യോഗികമായി അറിയിച്ചിട്ടില്ല. പരിപാടി നടക്കുമ്പോൾ കലക്ടറെ ഫോണിൽ വിളിച്ചു. പരിപാടി പുരോഗമിക്കുന്നു എന്ന് കലക്ടർ പറഞ്ഞു. താൻ വരുന്നു എന്ന് അറിയിച്ചു. ഒ.കെ എന്ന മറുപടിയും കിട്ടി. പരാമർശം ആത്മഹത്യയിലേക്ക് നയിക്കാൻ വേണ്ടി ചെയ്തത് അല്ലെന്നും ദിവ്യ കോടതിയിൽ വാദിച്ചു.

തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യപേക്ഷ പരിഗണിക്കുമ്പോഴായിരുന്നു ദിവ്യയുടെ വാദം. ഇന്ന് വാദം മാത്രമായിരിക്കും. ഉത്തരവിനായി മാറ്റിവെച്ചേക്കും.

## ഹേമ കമ്മിറ്റി റിപ്പോർട്ട് സി.ബി.ഐ അന്വേഷിക്കണം; സുപ്രീംകോടതിയിൽ ഹരജി

ന്യൂഡൽഹി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ ഹരജി. സുപ്രീംകോടതി അഭിഭാഷകൻ അജീഷ് കളത്തിലാണ് ഹരജി സമർപ്പിച്ചത്.

സർക്കാർ 5 വർഷം റിപ്പോർട്ട് പൂഴ്ത്തിയതിൽ ഗൂഢാലോചനയുണ്ടെന്നും ഇക്കാര്യം അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടാണ് റിട്ട് ഹരജി നൽകിയത്. സംസ്ഥാന സർക്കാർ, സി.ബി.ഐ, ദേശീയ വനിതാ കമീഷൻ അടക്കം എതിർ കക്ഷികളാക്കിയാണ് ഹരജി. റിപ്പോർട്ടിൽ പുറത്തുവന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ പൊലീസിന് കേസെടുക്കാൻ നിർദേശം നൽകണമെന്നും സിനിമ പ്രശ്നങ്ങൾ പഠിക്കാൻ ദേശീയ വനിതാ കമീഷനോട് നിർദേശിക്കണമെന്നും ഹരജിയിൽ പറയുന്നു.

ഹരജി വെള്ളിയാഴ്ച പരിഗണിക്കും. ജസ്റ്റിസ്മാരായ ഹൃഷികേശ് റോയ്, എസ്.വി. ഭട്ടി എന്നിവർ അടങ്ങിയ ബെഞ്ചിന് മുമ്പാകെയാണ് ഹരജി ലിസ്റ്റ് ചെയ്തിരിക്കുന്നത്. അതേസമയം, ജസ്റ്റിസ് ഹേമ കമ്മിറ്റി മുമ്പാകെ മൊഴി നൽകിയ നടിമാരുടെ പരാതികളിൽ കേസെടുക്കാൻ പ്രത്യേക അന്വേഷണസംഘത്തിന് അനുമതി നൽകിയ കേരള ഹൈകോടതി വിധി അടിയന്തരമായി സ്റ്റേ ചെയ്യാൻ സുപ്രീംകോടതി വിസമ്മതിച്ചിരുന്നു.

ഹൈക്കോടതി വിധിക്കെതിരെ സിനിമ നിർമാതാവ് സജിമോൻ പാറയിൽ സമർപ്പിച്ച ഹരജിയിൽ എതിർകക്ഷികൾക്ക് നോട്ടീസ് അയച്ച സുപ്രീംകോടതി സ്റ്റേ ആവശ്യത്തിലും വാദം കേൾക്കുമെന്ന് വ്യക്തമാക്കി. ജസ്റ്റിസുമാരായ വിക്രം നാഥ്, പി.ബി. വരാലെ എന്നിവർ അടങ്ങുന്ന ബെഞ്ച് ഹരജി മൂന്നാഴ്ചക്കുശേഷം പരിഗണിക്കും. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ മൊഴികളുടെ അടിസ്ഥാനത്തിൽ 40 കേസുകൾ പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്യാൻ തയാറെടുക്കുകയാണെന്നും അതിനാൽ ഹൈകോടതി ഉത്തരവ് അടിയന്തരമായി സ്റ്റേ ചെയ്യണമെന്നും സജിമോനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകനും മുൻ അറ്റോണി ജനറലുമായ മുകുൾ രോഹ്തഗി വാദിച്ചു.

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹരജികൾ കേരള ഹൈക്കോടതി പരിഗണിച്ച ദിവസങ്ങളിലെല്ലാം ബെഞ്ചിലുണ്ടായിരുന്ന ജഡ്ജിമാരുമായി ചേംബറിൽ അഡ്വക്കറ്റ് ജനറലും എസ്.ഐ.ടി ഉദ്യോഗസ്ഥരും അരമണിക്കൂറോളം ചർച്ച നടത്തിയിരുന്നു. ഈ ചർച്ചയുടെ വിശദാംശങ്ങൾ ആർക്കും അറിയില്ല.

എന്നാൽ, ഈ ചർച്ചകൾക്ക് ശേഷമാണ് കേസിൽ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതെന്നും മുകുൾ രോഹ്തഗി ആരോപിച്ചു.

## എച്ചിൽപാത്രത്തിൽ കഴിക്കാൻ നിർബന്ധിച്ചുവെന്ന് വാട്സാപ്പ് സന്ദേശം; നവവധു ജീവനൊടുക്കി

നാഗർകോവിൽ: സ്ത്രീധന പീഡനത്തെ തുടർന്ന് മലയാളി കോളേജ് അധ്യാപിക നാഗർകോവിലിൽ ജീവനൊടുക്കി. കൊല്ലം പിറവന്തൂർ സ്വദേശി ബാബുവിന്റെ മകൾ ശ്രുതിയെ (25) ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. 6മാസം മുമ്പായിരുന്നു ശുചീന്ദ്രം സ്വദേശിയും കൊട്ടാരം വൈദ്യുതി ഓഫീസിലെ ജീവനക്കാരനുമായ കാർത്തികുമായി ശ്രുതിയുടെ വിവാഹം. കോയമ്പത്തൂർ കോവിൽപാളയത്താണ് ഏറെക്കാലമായി ശ്രുതിയുടെ കുടുംബം താമസിക്കുന്നത്. അച്ഛൻ ബാബു കോയമ്പത്തൂരിൽ തമിഴ്നാട് വൈദ്യുതി വകുപ്പിലാണ് ജോലി ചെയ്യുന്നത്.

വിവാഹ ശേഷം ഭർതൃമാതാവ് ചെമ്പകവല്ലി തന്നെ മാനസികമായി പീഡിപ്പിക്കുന്നതായി ശ്രുതി അമ്മയോടെ പരാതിപ്പെട്ടിരുന്നു. തന്റെ സ്വർണാഭരണങ്ങൾ കാർത്തിക്കിന്റെ സഹോദരിക്ക് നൽകാൻ നിർബന്ധിക്കുന്നതായും അറിയിച്ചിരുന്നു.

10 ലക്ഷം രൂപയും 50 പവൻ സ്വർണവും വിവാഹസമ്മാനമായി നൽകിയിരുന്നു. സ്ത്രീധനം കുറഞ്ഞെന്ന് പറഞ്ഞ് കാർത്തിക്കിന്റെ അമ്മ വഴക്കുണ്ടാക്കിയെന്നും മരിക്കുകയല്ലാതെ മറ്റ് വഴിയില്ലെന്നും എച്ചിൽപാത്രത്തിൽ നിന്ന് ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചുവെന്നും ശ്രുതി അമ്മയ്ക്ക് അയച്ച ശബ്ദസന്ദേശത്തിൽ പറയുന്നുണ്ട്.

ഇതേ തുടർന്ന് അമ്മയും അച്ഛനും കോയമ്പത്തൂരിൽ നിന്ന് ശുചീന്ദ്രത്തേക്ക് പുറപ്പെട്ടു. 22ന് രാവിലെ യാത്ര മധ്യേയാണ് ശ്രുതി ആത്മഹത്യ ചെയ്തതായി കാർത്തിക്കിന്റെ സഹോദരി അറിയിച്ചത്. ബുധനാഴ്ച ശ്രുതിയുടെ രക്ഷിതാക്കൾ ശുചീന്ദ്രം പോലീസിൽ പരാതി നൽകി. പോസ്റ്റുമോർട്ടത്തിനു ശേഷം മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി.

ഇതിനിടെ കാർത്തിക്കിന്റെ അമ്മ ചെമ്പകവല്ലിയെ വീട്ടിനുള്ളിൽ വിഷം ഉള്ളിൽചെന്ന നിലയിൽ കണ്ടെത്തി. നിലവിൽ നാഗർകോവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ് ഇവർ. അന്വേഷണം ഭയന്നാണ് ചെമ്പകവല്ലി ആത്മഹത്യക്ക് ശ്രമിച്ചതെന്ന് പോലീസ് പറയുന്നു.

## കാനഡ ഇനി വിദേശികൾക്ക് സ്വപ്ന മാത്രം? കമ്പനികളിൽ കൂടുതൽ തദ്ദേശീയർ, പുതിയ അറിയിപ്പുമായി ട്രൂഡോ

ഒട്ടാവ: വിദേശ വിദ്യാർത്ഥികളുടെ എണ്ണം വെട്ടിച്ചുരുക്കുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ നേരത്തെ അറിയിച്ചിരുന്നു. ഇതോടൊപ്പം രാജ്യത്തിലേക്ക് കൂടുതൽ വിദേശികൾ കുടിയേറുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇപ്പോഴിതാ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലിക ജോലിക്കായി കൂടുതലും തദ്ദേശീയരെ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ് ജസ്റ്റിൻ ട്രൂഡോ.

'കാനഡയിലെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലിക ജോലിക്കായി തിരഞ്ഞെടുക്കുന്ന വിദേശികളുടെ എണ്ണം കുറയ്ക്കും. എന്തുകൊണ്ട് കനേഡിയൻ തൊഴിലാളികളെ കമ്പനികൾ ജോലിക്ക് എടുക്കുന്നില്ലെന്നതിന്റെ കാരണം തെളിയ്ക്കാൻ കർശന നിയമവും കൊണ്ടുവരും',?– ജസ്റ്റിൻ ട്രൂഡോ എക്സിൽ കുറിച്ചു. ഈ നടപടി വിദേശികൾക്കും കുടിയേറ്റക്കാർക്കും രാജ്യത്ത് ജോലി ലഭിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

അടുത്തിടെ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കുള്ള നിയന്ത്രണങ്ങൾ കാനഡ കടുപ്പിച്ചിരുന്നു. ഇതിന് പിന്നാലെയാണ് രാജ്യത്ത് നിന്ന് വിദേശികളെ ഓടിക്കാനുള്ള ട്രൂഡോയുടെ പുതിയ തന്ത്രം. 2025ൽ കനഡയിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണം 30,000 കുറഞ്ഞ് മൂന്ന് ലക്ഷമായി ചുരുങ്ങുമെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്. മുൻപ് കുടിയേറ്റക്കാരെ സ്വാഗതം ചെയ്തിരുന്ന കാനഡ സമീപ വർഷങ്ങളിലായി ഈ നിലപാട് മാറ്റുകയായായിരുന്നു.

കുടിയേറ്റക്കാർ കൂടിയതോടെ കാനഡയിലെ പൗരന്മാർക്ക് വലിയ രീതിയിലുള്ള പ്രതിസന്ധി നേരിടേണ്ടിവന്നു. വീടുകളുടെ വില വർദ്ധിച്ചതും പൗരന്മാരെ ബാധിച്ചിരുന്നു. ഇതാണ് കുടിയേറ്റക്കാരോടുള്ള നിലപാട് മാറ്റാൻ സർക്കാറിനെ പ്രേരിപ്പിച്ചത്. 2025 ഒക്ടോബറിന് മുൻപ് നടക്കുന്ന തിരഞ്ഞെടുപ്പിന് മുൻപ് ഈ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ജസ്റ്റിൻ ട്രൂഡോ ശ്രമിക്കുന്നത്.

## വിഴിഞ്ഞം കടലിൽ അപൂർവ്വ ജലസ്തംഭം; സമാന പ്രതിഭാസം ഓഖിക്ക് മുൻപും, തീരപ്രദേശങ്ങളിൽ ആശങ്ക

തിരു: വിഴിഞ്ഞത്ത് കടലിൽ അപൂർവ്വ ജലസ്തംഭം (കടൽച്ചുഴലി). ഇന്നലെ വൈകുന്നേരമാണ് തീരക്കടലിനോട് ചേർന്ന് ജലസ്തംഭം ഉണ്ടായത്. ഇത് അരമണിക്കൂറോളം തുടർന്നിരുന്നു. ജാഗ്രതാ നിർദേശമുണ്ടായിരുന്നതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോയിരുന്നില്ല. ഇത് വലിയ ദുരന്തം ഒഴിവാക്കിയെന്നാണ് വിലയിരുത്തൽ. നേരത്തെ ഈ പ്രതിഭാസത്തിന് ശേഷമായിരുന്നു ഓഖി ഉൾപ്പെടെയുള്ള ചുഴലിക്കാറ്റ് ഉണ്ടായത്.

കാലവർഷവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ഒരു അസാധാരണ ചുഴലിയാണ് ജലസ്തംഭം. കടലിലും വളരെ വിസ്തൃതമായ ജലാശയങ്ങളിലുമാണ് ഇത് ഉണ്ടാകുന്നത്. മഴമേഘങ്ങൾ കടലിനോട് ചേരുമ്പോഴാണ് ഇത് രൂപപ്പെടുന്നത്. തുടർന്ന് മേഘങ്ങളുടെ ശക്തിയാൽ തിരമാലകളുടെ ഉയരത്തിൽ ആഞ്ഞടിക്കും. കൻമേഘങ്ങൾ താഴ്ന്ന് രൂപപ്പെടുന്നതിനാൽ ജലസ്തംഭം ഉണ്ടാവുമ്പോൾ പ്രദേശമാകെ ഇരുട്ടിലാവുകയും ചെയ്യുന്നു. തെക്കൻ കേരളത്തിലെ മീൻപിടിത്തക്കാർ ഈ പ്രതിഭാസത്തെ 'അത്തക്കടൽ ഏറ്റം' എന്നാണ് വിളിക്കുന്നത്.

## ഗതാഗത കുരുക്ക് മാറി

തൃശൂർ : മുടിക്കോട് അടിപ്പാതയുടെ സമീപത്ത് ലോറി കേടായതിനെ തുടർന്ന് രൂപപ്പെട്ട ഗതാഗത കുരുക്ക് മാറി. ഏകദേശം രണ്ടര മണിക്കൂർ ഗതാഗത കുരുക്ക് രൂപപെട്ടിരുന്നു.

## പി.വി അൻവറിന്റെ പിന്തുണ രാഹുൽ മാങ്കൂട്ടത്തിലിന് കിട്ടാവുന്ന ഏറ്റവും വലിയ നെഗറ്റീവ് ഹിറ്റെന്ന് പി. സരിൻ

പാലക്കാട്: യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിനെ പിന്തുണച്ച പി.വി അൻവറിന്റെ നടപടി സ്വാഗതം ചെയ്യുന്നുവെന്നും ആ നീക്കം തനിക്ക് ഏറെ ആത്മവിശ്വാസം നൽകിയെന്നും എൽ.ഡി.എഫ് സ്വതന്ത്രൻ പി.സരിൻ.

യു.ഡി.എഫിലെത്താൻ അൻവർ ഏത് വഴിയും സ്വീകരിക്കും. സരിൻ ആരാണെന്നും അൻവറാരാണെന്നും ജനങ്ങൾക്ക് അറിയാമെന്നും അൻവറിന്റെ പിന്തുണ രാഹുൽ മാങ്കൂട്ടത്തിലിന് കിട്ടാവുന്ന ഏറ്റവും വലിയ നെഗറ്റീവ് ഹിറ്റാണെന്നും സരിൻ കൂട്ടിച്ചേർത്തു.

സരിൻ പത്രിക സമർപ്പിക്കുന്നതിന് മുന്നോടിയായി കെ.കരുണാകരന്റെയും പത്നി കല്യാണിക്കുട്ടിയമ്മയുടെയും സ്മൃതി മന്ദിരങ്ങൾ സന്ദർശിച്ചു.

അതേസമയം, അൻവറിന്റെ പിന്തുണയിൽ സന്തോഷമുണ്ടെന്ന് യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ പ്രതികരിച്ചു. വർഗീയ ശക്തികളെ പരാജയപ്പെടുത്താൻ എല്ലാവരുടെയും പിന്തുണ ആവശ്യമാണെന്നും രാഹുൽ പറഞ്ഞു.

## സെബി മേധാവി മാധബി ബുച്ച് പാർലമെന്റ് സമിതിക്ക് മുമ്പിൽ എത്തിയില്ല

ന്യൂഡൽഹി: പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിക്ക് മുമ്പാകെ ഹാജരാകാതെ സെബി മേധാവി മാധബി പുരി ബുച്ച്. ഇത് രണ്ടാം തവണയാണ് പി.എ.സി യുടെ സമൻസ് സെബി മേധാവി അവഗണിക്കുന്നത്. മുതിർന്ന കോൺഗ്രസ് നേതാവ് കെ.സി വേണുഗോപാലാണ് സമിതിയുടെ തലവൻ.

സെബിയുടെ പ്രവർത്തനങ്ങളെ കുറിച്ച് ചോദിച്ചറിയുന്നതിന് വേണ്ടിയാണ് പി.എ.സി മാധബി ബുച്ചിനെ വിളിച്ചു വരുത്തിയത്. മാധബിക്കെതിരായ അഴിമതി ആരോപണങ്ങളെ തുടർന്ന് സെബി സംശയനിഴലിലായിരുന്നു. ഇതിന് പിന്നാലെയാണ് മാധബി ബുച്ചിനെ വിളിച്ചു വരുത്താൻ തീരുമാനിച്ചത്. ഇത് കമ്മിറ്റിയുടെ ആദ്യ യോഗമാണ്. നമ്മുടെ നിയന്ത്രണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താൻ പബ്ലിക്സ് അക്കൗണ്ട് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട ഫാമിലി കോടതി മുമ്പാകെ

OS: 1327/2023

മുകുന്ദപുരം താലൂക്ക് ആമ്പല്ലൂർ വില്ലേജ് വെണ്ടൂർ ചുങ്കം ദേശത്ത് പടമാടൻ മനോജ് ഭാര്യ രാജി മനോജ്

– ഹരജിക്കാരി

മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, വെണ്ടൂർ ദേശത്ത് പടമാടൻ വീട്ടിൽ ബാബു മകൻ മനോജ്

–എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 18–12–2024 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ടി കേസിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

എന്ന്, 23–10–2024

ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്

എൻ ഒ സേവിയർ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 3090/2019

സിഗ്മ സൈൻ സിന്റിക്കേറ്റ് LLP അരിമ്പൂർ

–അന്യായം

1) തൃശൂർ താലൂക്ക് വല്ലച്ചിറ വില്ലേജ് ചെറുശ്ശേരി ദേശത്ത് വെളുത്തേടത്ത് ജിജേഷ് ഭാര്യ രമ്യ

2) തൃശൂർ താലൂക്ക് വല്ലച്ചിറ വില്ലേജ് ചെറുശ്ശേരി ദേശത്ത് വെളുത്തേടത്ത് ഗോവിന്ദൻ മകൻ ജിജേഷ്

– പ്രതികൾ

മേൽനമ്പ്ര് കേസിലെ പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് 18–01–2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. മേൽ നമ്പർ കേസിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 23–10–2024

അന്യായഭാഗം അഡ്വക്കേറ്റ്

ജോഫി ഫ്രാൻസിസ് വി (ഒപ്പ്)

കൃതജ്ഞത

ഡോ. കെ. രമണി (84)
(പ്രമുഖ ഗൈനക്കോളജിസ്റ്റ്)
W/o. എ. വിദ്യാസാഗർ മേനോൻ
(കെ.കെ.മേനോൻ ബസ് സർവീസ് ഉടമ, തൃശൂർ)
'ഗ്രീൻ കോട്ടേജ്', തൃക്കുമാരംകുടം, തൃശൂർ

തൃശൂരിലെ പ്രമുഖ ഗൈനക്കോളജിസ്റ്റും കെ.കെ.മേനോൻ ബസ് സർവ്വീസ് ഉടമ എ.വിദ്യാസാഗർ മേനോന്റെ ഭാര്യയുമായ അയ്യന്തോൾ തൃക്കുമാരുകുടം ഗ്രീൻ കോട്ടേജിൽ ഡോ. കെ. രമണി (84 വയസ്സ്) നിര്യാതയായി

നിര്യാണവാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ട് വന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും പരേതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ഉദ്യോഗസ്ഥപ്രമുഖർ,വ്യാപാരി–വ്യവസായികൾ, ബസ് ഓണേ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പൈങ്കിയും അച്ചുതാനന്ദനും

**പി**ന്നോക്ക ജനവിഭാഗങ്ങളുടെ നവോത്ഥാന നായകനായിരുന്നു തൃശൂർ ജില്ലയിലെ ചാലക്കുടി-കുറ്റിച്ചിറ സ്വദേശി **കെ.കെ.പൈങ്കി മാസ്റ്റർ.** അദ്ദേഹത്തെ പഴയതലമുറ ഭാഗീകമായും മറന്നുവോ? പുതുതലമുറക്കാണെങ്കിൽ അറിയാത്ത മനുഷ്യനുമായി.

കമ്മ്യൂണിസ്റ്റുകാരൻ, ദീർഘകാലം കോടശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട്, കൊച്ചിൻ ദേവസ്വം ബോർഡ് ഭരണസമിതിയംഗം (1975- 80), പിന്നോക്ക വിഭാഗങ്ങളുടെ സംരക്ഷകൻ, സഹകാരി, മാതൃക അധ്യാപകൻ, നിരവധി കമ്മിറ്റികളിൽ അംഗം, സൈനീക സേവകൻ തുടങ്ങിയ ബഹുജന നേതാവായിരുന്നു പൈങ്കി മാസ്റ്റർ.

1925 ഏപ്രിൽ 14ന് കുറ്റിച്ചിറ മലയോര ഗ്രാമത്തിലാണ് പൈങ്കി ജനിച്ചത്. 2015 മാർച്ച് 17ന് അദ്ദേഹം ലോകത്തോട് വിട പറഞ്ഞു.

പൈങ്കിയുടെ ആദർശങ്ങൾക്കനുസരിച്ച് ജീവിച്ച വ്യക്തിത്വമാണ് കേരളത്തിന്റെ വിപ്ലവാചാര്യൻ **വി.എസ്. അച്ചുതാനന്ദൻ.**

പൈങ്കിയുടെ സ്മരണക്കായി ചാലക്കുടി ആസ്ഥാനമായ അംബേദ്കർ സാംസ്കാരിക സമിതി ഏർപ്പെടുത്തിയ **പ്രഥമ അവാർഡ്** അച്ചുതാനന്ദന് സമർപ്പിക്കുകയാണ്. 25000 രൂപ പ്രശസ്തി പത്രം ഉൾപ്പെടുന്നതാണ്അവാർഡ് സകല അർത്ഥത്തിലും അർഹിക്കുന്ന ഒരു ആദരവായി ഇത് മാറിയിരിക്കുകയാണ്.

സ്കൂൾ പഠനത്തെതുടർന്ന് ദാരിദ്ര്യം മൂലം പഠനം നിർത്തലാക്കിയ പൈങ്കി ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിൽ ചേർന്നു (1942-46).സാങ്കേതിക വിഭാഗത്തിലായിരുന്നു സേവനം. ആഫ്രിക്ക, യൂറോപ്പ് ഭൂഖണ്ഡങ്ങളിലും സൈനീക സേവനം നിർവ്വഹിച്ചു. 1946 ൽ സൈനീക സേവനത്തിനിടെ നാട്ടിലെത്തിയ പൈങ്കി പിന്നീട് സാമൂഹിക നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ സജീവമായി.

**സമരവും-തടവറയും**

ഭൂവുടമ-ജന്മി- നാടുവാഴിത്ത കൂട്ടുകെട്ട് വാഴ്ചക്കെതിരെ എസ്.എൻ.ഡി.പി, പുലയ-സാംബവ-മഹാസഭകൾ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ഉണ്ടായ സമരങ്ങളിൽ സജീവ പങ്കാളിയായി.

പി. കെ. ചാത്തൻമാസ്റ്റർ, ഡോ.സി.സി.പ്രസാദ്, പി.ഗംഗാധരൻ തുടങ്ങിയവർക്കൊപ്പം ഇരിങ്ങാലക്കുട -കുട്ടംകുളം സമരത്തിലും നിയമലംഘനജാഥിലും പൈങ്കി സജീവമായി. ധാരാളം യുവാക്കളെയും അദ്ദേഹം കർമ്മരംഗത്തെത്തിച്ചു.

ജന്മിത്വം നശിക്കും, രാജ്യഭരണം അവസിക്കിൽ, അയിത്തം കുറ്റകരമാക്കു, പ്രായപൂർത്തി വോട്ടവകാശം എന്നിവ ഉന്നയിച്ച് നടന്ന പാലിയം സമ്മത്തിലും (1948 മാർച്ച്8) പൈങ്കി മാസ്റ്റർ നേതൃത്വപമായി പങ്കെടുത്തു.

ഈ ഘട്ടത്തിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി- വർഗ്ഗബഹുജന സംഘടനകളുമായി അടുപ്പമുണ്ടായത്. കരുവന്നൂർ ഓട്ടുകമ്പനി തൊഴിലാളി സമരം, തൃശൂർ ജില്ലയിലെ കർഷകരുടെ കൈവശഭൂമി ഒഴിപ്പിക്കലിനെതിരായ കർഷക- കർഷക തൊഴിലാളിസമരങ്ങൾക്കും പൈങ്കി നേതൃത്വം നൽകി.

1948 ജൂൺ മാസത്തിൽ നടന്ന പ്രസിദ്ധമായ പരിയാരം - ഇഞ്ചക്കുണ്ട് കേസിൽ പ്രതിയാക്കി. ക്രൂരമായ മർദ്ദനത്തിനും ഇരയായി. അഞ്ചുവർഷം തടങ്കൽ ശിക്ഷ ലഭിച്ചു. ഇളവിനായി ഹൈക്കോടതിയെ സമീപിച്ചപ്പോൾ ശിക്ഷ പത്ത് വർഷമാക്കി ദീർഘിപ്പിച്ചു.

വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാരാനായിരിക്കെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഔപചാരിക അംഗമാകുന്നത്.

1957ലെ ഇ.എം.എസ്.സർക്കാരാണ് പൈങ്കിയെ ജയിൽ മോചിതനാക്കിയത്. പരിയാരം കേസിൽ അധികകാലം തടവുകാരനായി കിടന്നവരിൽ ഏക വ്യക്തി പൈങ്കി മാത്രമായിരുന്നു.ജയിൽ മോചിതനായ ശേഷം പുലയ മഹാസഭ , കമ്മ്യൂണിസ്റ്റ് പാർട്ടി കർഷക തൊഴിലാളി യൂണിയൻ തുടങ്ങിയ സംഘടനകളുടെ പ്രാദേശികതലം മുതൽ സംസ്ഥാന തലം വരെ ചുതമലക്കാരനായി പ്രവർത്തിച്ചു.

ഈ കാലയളവിലാണ് വി.എസ്.അച്ചുതാനന്ദനുമായി അടുപ്പമുണ്ടാകുന്നത്. 1976ൽ പഞ്ചാബിൽ നടന്ന സിപി.എം. പാർട്ടി കോൺഗ്രസിൽ ആദ്യ പ്രതിനിധിയായി. തുടർന്ന് പാർട്ടി കോൺഗ്രസ്സുകളിൽ പങ്കെടുത്തു. കർഷക തൊഴിലാളി യൂണിയന്റെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന

അഖിലേന്ത്യ സമ്മേളനങ്ങളിലും പൈങ്കി പ്രതിനിധിയായി.

എ.കെ.ജി.നയിച്ച പട്ടിണി ജാഥയിൽ ആദ്യവസാനം പങ്കെടുത്തതിൽ ഒരാളായിരുന്നു പൈങ്കി.

**വേണം സ്മാരകം**

1965 മുതൽ 1980 വരെ കോടശ്ശേരി പഞ്ചായത്തിന്റെ പ്രസിഡണ്ടായി. അടിസ്ഥാന സൗകര്യ വികസനം, ലക്ഷംവീട്, റോഡ്, കുടിവെള്ളപദ്ധതികൾ എന്നിവ മാതൃകാപമായി നടപ്പാക്കി .

പൈങ്കിമാസ്റ്ററുടെ ജന്മശതാബ്ദി കാലയളവാണ് ഇപ്പോൾ. ആ സമയത്ത് അദ്ദേഹത്തിന് സ്മാരകം ഉണ്ടാക്കുന്ന കാര്യത്തിൽ സർക്കാർ ഇടപെടേണ്ടതാണെന്നും അംബേദ്കർ സാംസ്കാരിക സമിതി ആവശ്യപ്പെടുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കേരളവർമ്മ കോളേജ് ഹോസ്റ്റലിന് പൈങ്കിയുടെ പേരിടണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്. കുറ്റിച്ചിറ-സർക്കാർ എൽ.പി.സ്കൂളും പൈങ്കി സ്മാരകമാക്കണം.

**കിളിവാതിൽ**

**രാജൻ എലവത്തൂർ**

# ക്ഷയരോഗനിവാരണം സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് മീറ്റിംഗ് അമലയിൽ നടത്തി

തൃശ്ശൂർ: ക്ഷയരോഗനിവാരണത്തിനുള്ള ദേശീയ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളെയും പങ്കെടുപ്പിച്ചുകൊണ്ട് അമല മെഡിക്കൽ കോളേജിൽ നടത്തിയ സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് മീറ്റിംഗ് തൃശ്ശൂർ കലക്ടർ അർജ്ജുൻ പാണ്ഡ്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് ചെയർമാൻ ഡോ.ഡേവിസ് പോൾ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.കെ.ജെ.റീന, സ്റ്റേറ്റ് ടി.ബി. ഓഫീസ്സർ ഡോ.കെ.കെ.രാജാറാം, അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ,പ്രിൻസിപ്പൾ ഡോ. ബെറ്റ്സി തോമസ്, കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. സി.ആർ.സാജു, ജില്ല സർവീലൻസ് ഓഫീസ്സർ ഡോ.സതീശ്, ഡി.പി.എം. ഡോ.സജീവ്കുമാർ, സോണൽ ടാസ്ക് ഫോഴ്സ് ചെയർമാൻ ഡോ.സൻജീവ് നായർ, സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് വൈസ് ചെയർമാൻ ഡോ. കെ.അഖിലേഷ്, വയനാട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ.അനീഷ് ടി.എസ്., ആലപ്പുഴ ഡെപ്യൂട്ടി ഡി.എം.ഒ. ഡോ.ആനന്ദ് മോഹൻ എന്നിവർ പ്രസംഗിച്ചു. സംസ്ഥാനത്ത് ടി.ബി. നിർമ്മാർജ്ജനം അധികം താമസിയാതെ സാധ്യമാകുമെന്ന് സംഘാടകർ അറിയിച്ചു.

# ഉപതെരഞ്ഞെടുപ്പ് : എൽ.ഡി.എഫ് ഉജ്ജ്വല വിജയം നേടും - നാഷണൽ ലീഗ്

തൃശൂർ : വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നടക്കാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉജ്ജ്വല വിജയം നേടുമെന്ന് നാഷണൽ ലീഗ് തൃശൂർ ജില്ലാ പ്രസിഡണ്ട് സയ്യിദ് ഷബീൽ ഐദ്റൂസി തങ്ങൾ പറഞ്ഞു.

കോൺഗ്രസ് - ആർ.എസ്.എസ് അവിശുദ്ധ ബന്ധത്തിന്റെ വാർത്തകളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനാണ് അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ കോൺഗ്രസ് നേതാക്കൾ പടച്ചുവിടുന്നത്, ഇടതുമുന്നണിയുടെ വിജയം സുനിശ്ചിതമാണ്. ചേലക്കരയിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിക്കും, പാലക്കാട് അട്ടിമറി വിജയം നേടും, നാഷണൽ ലീഗ് ചേലക്കര മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ഒക്ടോബർ 31ന് ചെറുതുരുത്തിയിൽ വഖഫ് നിയമ ബില്ലിനെതിരെ പ്രതിഷേധ സംഗമം സംഘടിപ്പിക്കും. മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കൺവെൻഷനുകൾ, പദയാത്ര, സ്ക്വാഡ് പ്രവർത്തനം, കുടുംബ യോഗങ്ങൾ നടത്തും. നാഷണൽ ലീഗ് ചേലക്കര മണ്ഡലം പ്രസിഡണ്ട് മൊയ്ദീൻ ഹാജി അധ്യക്ഷനായിരുന്നു, സംസ്ഥാന സെക്രട്ടറി ജെയിംസ് കാഞ്ഞിരത്തിങ്കൽ, ജില്ലാ ജനറൽ സെക്രട്ടറി ഷാജി പള്ളം, ട്രഷറർ ഷറഫുദ്ദീൻ, വൈസ് പ്രസിഡന്റുമാരായ എടി മജീദ്, ഷംസുദ്ദീൻ ഹാജി, മാലതി നാട്ടിക, സെക്രട്ടറിമാരായ അഡ്വ.രമാദേവി, നസറുദ്ദീൻ മജീദ്, ഉമ്മർ തളി, പികെഎസ് തങ്ങൾ, മുഹമ്മദലി മുള്ളൂർക്കര, കുഞ്ഞിമൊയ്തു തുടങ്ങിയവർ സംസാരിച്ചു.

# സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചു

ചേലക്കര: ചേലക്കര മണ്ഡലം നിയമസഭാ ഉപതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ആംസ് ലൈസൻസുകളിൽ ഉൾപ്പെട്ട ആയുധം ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ മജിസ്ട്രേറ്റ് ആൻഡ് ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി തൃശ്ശൂർ (സിറ്റി) എന്നിവർ അംഗങ്ങളായി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചു.

# ചരിത്രപ്രസിദ്ധമായ ഒല്ലൂർ മാലാഖയുടെ കൂടുതുറക്കൽ ഭക്തിനിർഭരം

ഒല്ലൂർ: വി. റപ്പായേൽ മാലാഖയുടെ തിരുനാളിന്റെ പ്രധാന ചടങ്ങുകളിലൊന്നായ കൂടുതുറക്കൽ കോതമംഗലം ബിഷപ്പ് മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ നിർവ്വഹിച്ചു.

നേത്തെ നടന്ന ലദീഞ്ഞ്, പൊന്തിഫിക്കൽ കുർബ്ബാന, സന്ദേശം, നൊവേന എന്നിവയ്ക്ക് മാർ മഠത്തികണ്ടത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

സ്വർഗ്ഗത്തിലെ മാലാഖമാരുടെ ഗണത്തിൽ മുഖ്യദൂതന്മാർ റപ്പായേൽ, മിഖായേൽ, ഗബ്രിയേൽ എന്നിവരാണ്. റപ്പായേൽ എന്ന വാക്കിന്റെ അർത്ഥം തന്നെ സൗഖ്യം തരുന്നവനെന്നാണ്. നമ്മുടെ കുടുംബത്തിലും വ്യക്തിപരമായും ഉണ്ടാകുന്ന മുറിവുകൾ ഉണക്കുന്നവനാണ് മാലഖയെന്നും തിരുനാൾ അവസരത്തിൽ മാലാഖയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കാൻ ശ്രമിക്കണമെന്നും ബിഷപ്പ് ഉദ്ബോധിപ്പിച്ചു.

സഹകാർമ്മികരായി വികാരി ഫാ. ആന്റണി ചിറ്റിലപ്പിള്ളി, ഫാ. ഷിന്റോ മാറോക്കി, ഫാ. ആൽബിൻ ചൂണ്ടൽ, ഫാ. ജിതിൻ വല്ലച്ചിറക്കാരൻ തുടങ്ങിയവർ പങ്കെടുത്തു.

കൂടുതുറക്കലിനുശേഷം നടന്ന പള്ളിമുറ്റത്തെ ആഘോഷമായ പ്രദക്ഷിണത്തിന് ബഹു. വൈദീകരും ട്രസ്റ്റിമാരായ പോൾ കുണ്ടുകുളം, ആന്റണി മാണിചാക്കു, റാഫി ചമ്മണം, സെബി വല്ലച്ചിറക്കാരൻ എന്നിവരും തിരുനാൾ കമ്മിറ്റി ഭാരവാഹികളും നേതൃത്വം നൽകി. ചടങ്ങിൽ മന്ത്രി കെ. രാജൻ പങ്കെടുത്തിരുന്നു. നാടിന്റെ നാനാഭാഗങ്ങളിൽനിന്ന് ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുത്തു. നേർച്ചഭക്ഷണം കഴിക്കുന്നിടത്തും തിരക്കുണ്ടായിരുന്നു.

രാത്രി 8 മണിക്ക് വടക്കേ അങ്ങാടി, അവിണിശ്ശേരി, അഞ്ചേരി, ഗലീലി, ഈസ്റ്റ് മേഖലകളിൽനിന്നുള്ള വളാഘോഷങ്ങൾ വിവിധ വാദ്യമേളങ്ങളോടെ ആരംഭിച്ചു. രാത്രി 12.30ന് സമാപിച്ചു. തുടർന്ന് വി. കുർബ്ബാനയും ഉണ്ടായിരുന്നു.

രാവിലെ 6 മുതൽ 9 വരെ തുടർത്തയായി വി. കുർബ്ബാനകൾ നടന്നു. 10നുള്ള തിരുനാൾ കുർബ്ബാനക്ക് ഫാ. ഡേവിസ് പുലിക്കോട്ടിൽ കാർമ്മികത്വം വഹിച്ചു. ഫാ. ഡിറ്റോ കൂള സന്ദേശം നൽകി.

23ന് വൈകീട്ട് 4 മുതൽ 11 വരെയും 24ന് രാവിലെ 9 മുതൽ 2 മണിവരെ സൗജന്യ നേർച്ച ഭക്ഷണവിതരണവും ഉണ്ടായിരുന്നു.

ഉച്ചക്കഴിഞ്ഞ് 3ന് ഇടവകയിലെ നാട്ടുകാരായ വൈദീകരുടെ കാർമ്മികത്വത്തിൽ സമൂഹബലിയും തുടർന്ന് തിരുനാൾ പ്രദക്ഷിണവും ഉണ്ടായിരിക്കും. 7 മണിക്ക് പ്രദക്ഷിണം പള്ളിയിലെത്തുന്നതോടെ പ്രധാന ചടങ്ങുകൾ സമാപിക്കുന്നതാണ്. 25 മുതൽ 31 വരെ എല്ലാ ദിവസവും വിവിധ തിരുകർമ്മങ്ങളും കലാപരിപാടികളും ഉണ്ടായിരിക്കും.

# സ്വകാര്യ ബസ്സുകളുടെ മരണപാച്ചിലിനെതിരെ സി പി ഐ (എം) പ്രതിഷേധ ധർണ്ണ നടത്തി

ഇരിങ്ങാലക്കുട : 'ബസുകളുടെ മരണപ്പാച്ചിൽ അവസാനിപ്പിക്കുക... ഓരോ ജീവനും വിലപ്പെട്ടതാണ്" എന്ന മുദ്രാവാക്യം ഉയർത്തി. സി പി ഐ (എം) കരുവന്നൂർ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ തേലപ്പിള്ളി സെന്ററിൽ പ്രതിഷേധ ധർണ്ണ നടത്തി.

തൃശൂർ - കൊടുങ്ങല്ലൂർ സംസ്ഥാന പാതയിൽ സ്വകാര്യ ബസ്സുകളുടെ അമിത വേഗത മൂലം അപകടങ്ങൾ നിത്യ സംഭവമായി മാറി കഴിഞ്ഞിരിക്കുകയാണ്. ഇന്നു രാവിലെ സ്വകാര്യ ബസ്സും കാറും കൂട്ടിയിടിച്ച് തേലപ്പിള്ളി സ്വദേശി മരണപ്പെട്ടിരുന്നു.

ബസുകളുടെ അമിത വേഗത അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് സംഘടിപ്പിച്ച ധർണ്ണ ഡി വൈ എഫ് ഐ ജില്ലാ പ്രസിഡണ്ട് ആർ എൽ ശ്രീലാൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മിറ്റി അംഗം ടി കെ ജയാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ലോക്കൽ സെക്രട്ടറി പി കെ മനുമോഹൻ, ലോക്കൽ കമ്മിറ്റി അംഗം പി എസ് വിശ്വംഭരൻ, നഗരസഭാ കൗൺസിലർ നസീമ കുഞ്ഞിമോൻ എന്നിവർ പ്രസംഗിച്ചു.

# വിലക്കയറ്റം തടയുക - കെ.എസ്.എസ്.പി.എ.

ഇരിങ്ങാലക്കുട : വിലക്കയറ്റം തടയണമെന്ന് കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ ഇരിങ്ങാലക്കുട മണ്ഡലം വാർഷിക സമ്മേളനം ആവശ്യപ്പെട്ടു.

കുടിശ്ശിക ക്ഷാമബത്ത 22 ശതമാനം ഉടൻ നൽകുക , മെഡിസെപ്പ് പദ്ധതി അപാകത പരിഹരിക്കുകയും, ഒ.പി.ചികിത്സ ഉൾപ്പെടെ ലഭ്യമാക്കണമെന്നും യോഗം ചൂണ്ടിക്കാട്ടി.

ജില്ല കമ്മറ്റി അംഗം എ.സി. സുരേഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ. കമലം അധ്യക്ഷത വഹിച്ചു. ജില്ല കൗൺസിൽ അംഗം സി.എസ്. അബ്ദുൾ ഹഖ് , നിയോജക മണ്ഡലം പ്രസിഡണ്ട് കെ.പി. മുരളീധരൻ, സെക്രട്ടറി ഇ.ഡി. ജോസ്, സി. ജെ. ജോയ് എന്നിവർ പ്രസംഗിച്ചു.

പുതിയ മണ്ഡലം ഭാരവാഹികൾ: ടി.കെ. ബഷീർ (പ്രസിഡണ്ട്), പ്രശാന്തി ജി. മേനോൻ (വൈസ് പ്രസിഡണ്ട്), സി. ജെ. ജോയ് (സെക്രട്ടറി), ശ്രീകല എസ്. (ജോ സെക്രട്ടറി), പി. ഉണ്ണികൃഷ്ണൻ (ട്രഷറർ), കെ.ജയശ്രീ (വനിതാ ഫോറം കൺവീനർ).

# അനുശോചനം

തൃശൂർ: സഹൃദയ വേദി കമ്മിറ്റിയുടെ അടിയന്തിരയോഗം പ്രസിഡണ്ട് ജസ്റ്റിസ് പി.എൻ. വിജയകുമാറിന്റെ അധ്യക്ഷതയിൽ കൂടി പ്രശസ്ത നിരൂപകനായിരുന്ന ബാലചന്ദ്രൻ വടക്കേടത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി ബേബി മൂക്കൻ മൃതദേഹത്തിൽ റീത്ത് സമർപ്പിച്ചു. രവി പുഷ്പഗിരി , നന്ദകുമാർ ആലത്ത്, ജോൺസൻ കാഞ്ഞിരത്തിങ്കൽ തുടങ്ങിയവർ സംസാരിച്ചു.

# സഹൃദയവേദി വാർഷിക ജനറൽ ബോഡി നടത്തി

തൃശൂർ: പ്രമുഖ സാഹിത്യ -സാംസ്കാരിക സംഘടനയായ സഹൃദയവേദിയുടെ 57-ാം വാർഷിക ജനറൽ ബോഡിയോഗം സെന്റ് തോമസ് കോളേജിൽവെച്ച് പ്രസിഡന്റ് ഡോ. ഷൊർണ്ണൂർ കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ കൂടി.

സെക്രട്ടറി ബേബി മൂക്കൻ വാർഷിക റിപ്പോർട്ടും ട്രഷറർ ജോയ് പോൾ വാർഷിക കണക്കും അവതരിപ്പിച്ചു. പ്രവർത്തന വർഷത്തിൽ വേർപിരിഞ്ഞ ആജീവാന്ത അംഗങ്ങളായ പ്രഭാകരൻ കാരാട്ട്, ഡോ. ത്രേസ്യ ഡയസ്, പി. ജെ. ക്ലാരൻസ്, പി. ഐ. ജോസ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ഓഡിറ്റ് റിപ്പോർട്ട് പി.എൽ. ജോസ് അവതരിപ്പിച്ചു. ജസ്റ്റിസ് പി.എൻ. വിജയകുമാർ, പ്രൊഫ. വി.എ. വർഗ്ഗീസ്, ഉണ്ണികൃഷ്ണൻ പുലരി, അഡ്വ. ഷോബി ടി. വർഗ്ഗീസ്, എം.ജെ. ജോയ്, സെബി ഇരിമ്പൻ, രവി പുഷ്പഗിരി, നന്ദകുമാർ ആലത്ത് തുടങ്ങിയവർ സംസാരിച്ചു.

# കപ്പലണ്ടി വിൽപ്പനക്കാർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ ഒരാൾക്ക് പരിക്ക്

കുന്നംകുളം : കുന്നംകുളം പുതിയ ബസ് സ്റ്റാൻഡിൽ സ്വകാര്യ ബസ്സിൽ വച്ച് കപ്പലണ്ടി വിൽപ്പനക്കാർ തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മരത്തംകോട് സ്വദേശി മണി (57 )ക്കാണ് പരിക്കേറ്റത്. മണിയെ മർദ്ദിച്ച് ബസ്സിൽ നിന്നും തള്ളിയിട്ട ഹക്കീം എന്നയാൾ ഒളിവിലാണ്. രണ്ടുപേരുംകൂടി വിൽപ്പനയ്ക്കായി ഒരു ബസ്സിൽ കയറിയപ്പോൾ തമ്മിൽ തർക്കം ഉണ്ടാകുകയും മർദ്ദിക്കുകയും ആയിരുന്നു. ബസ്സിൽ നിന്നും തള്ളിയിട്ടതിനെത്തുടർന്ന് മണിയുടെ തലയ്ക്ക് സാരമായി പരിക്കേറ്റിട്ടുണ്ട്. ഇയാളെ ആദ്യം കുന്നംകുളം താലൂക്ക് ആശുപത്രിയിലും പിന്നീട് മെഡിക്കൽ കോളേജിലേക്കും മാറ്റി. പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. സംഭവ സ്ഥലത്ത് പോലീസിന്റെ കുറവ് മൂലമാണ് ഇത്തരം സംഭവങ്ങൾക്ക് കാരണമാകുന്നത്. ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് പൊതുജനങ്ങൾ ആവശ്യപ്പെടുന്നു.

# വൃക്ക രോഗികൾ വേദനകൾ മറന്ന് ഒത്തു കൂടി

തൃശൂർ: പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി, തൃശ്ശൂരിൽ സാന്ത്വന പരിചരണം നേടുന്ന വൃക്കരോഗബാധിതരായ സഹോദരങ്ങളുടെ സ്നേഹസംഗമം 'ചേതന - 2024' പാറമേക്കാവ് പുഷ്പാഞ്ജലി ഓഡിറ്റോറിയത്തിൽ നടന്നു. നൂറ്റി ഇരുപതോളം രോഗാവസ്ഥയിലുള്ളവരും കൂട്ടിരിപ്പുകാരും സന്നദ്ധ പ്രവർത്തകരുമടക്കം ഇരുനൂറോളം പേർ പങ്കെടുത്ത സംഗമം പങ്കാളിത്തം കൊണ്ടും കൂട്ടായ്മ കൊണ്ടും ശ്രദ്ധേയമായി. വൃക്ക രോഗികളും കൂട്ടിരുപ്പുകാരും തങ്ങളുടെ അനുഭവങ്ങളും പ്രശ്നങ്ങളും നേരിടുന്ന വെല്ലുവിളികളും, നിലവിൽ ലഭ്യമാകുന്ന സഹായങ്ങളും സേവനങ്ങളും സംബന്ധിച്ച അറിവുകളും പങ്കുവെച്ചു.

ഹാർമണി സ്കൂൾ ഓഫ് മ്യൂസിക്കിലെ രാധാകൃഷ്ണൻ, ബിനീഷ് എന്നിവരോടൊപ്പം പാടിയും ആടിയും അവർ ഒരു ദിവസം ആഹ്ളാദകരമാക്കി. സുശീലമാധവൻ, ഐഷ പി നായർ, ഇന്ദിര ഗോപിനാഥ്, സി പി വിത്സൺ തുടങ്ങിയവർ നേതൃത്വം നൽകി.

# പി.ടി.എൽ. അനുസ്മരണം നടത്തി

തൃശൂർ: സഹൃദയവേദി മുൻ പ്രസിഡന്റും കവിയും അദ്ധ്യാപകനുമായിരുന്ന പി.എടി.എൽന്റെ 32-ാം ചരമവാർഷികാനുസ്മരണം നടത്തി. ജസ്റ്റിസ് പി.എൻ. വിജയകുമാർ ഉദ്ഘാടനം ചെയ്തു. ഡോ. ഷൊർണ്ണൂർ കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോർജ്ജ് മേനാച്ചേരി അനുസ്മരണപ്രഭാഷണം നടത്തി. ബേബി മൂക്കൻ, ടി.വി.ജി. മേനോൻ, പ്രൊഫ. വി.എ. വർഗ്ഗീസ്, പി.എം.എം. ഷെരീഫ് എന്നിവർ പ്രസംഗിച്ചു.

# ഡാറ്റ എൻട്രി ഓഫീസ് ഓട്ടോമേഷൻ

തൃശൂർ: പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികൾക്ക് നിരവധി പരിശീലനങ്ങൾ 10 വർഷമായി സൗജന്യമായി നൽകിവരുന്ന വെങ്ങിണിശ്ശേരി അഡാപ്റ്റ് സൊസൈറ്റി സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി പൊതു സമൂഹത്തിലെ അമ്മമാർക്ക് സൗജന്യമായി ഡാറ്റ എൻട്രി ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ്) പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താൽപര്യമുള്ളവർ ഒക്ടോ. 31നകം 8301074962, 9447524962 നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം

## കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 69/2017 , IA: 9/2024

IA: 10/2024

ചാലക്കുടി താലൂക്ക് മറ്റത്തൂർ വില്ലേജ്, കോടാലി ദേശത്ത്, കാളിയങ്കര പാപ്പു ഭാര്യ 66 വയസ് ഓമന മുതൽപേർ

- ഹരജിക്കാർ

ചാവക്കാട് താലൂക്ക്, പാവറട്ടി വില്ലേജ്, പാവറട്ടി ദേശത്ത്, നീർത്തട്ടിൽ പ്രഷീൺ ഭാര്യ 31 വയസ്, ദർശന പ്രഷീൺ, പാലുവായ് പി ഒ., പിൻ-680522

-22-ാം എതൃകക്ഷി

മേൽ നമ്പറിലെ ഐ എ.9/2024, ഐ. എ. 10/2024 നമ്പർ ഹരജികളിൽ 22-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് കേസ് **01-11-2024** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 07-10-2024

ഹരജിഭാഗം അഡ്വക്കേറ്റ്

**കെ ജഗദീഷ് (കൊല്ലേരി)** (ഒപ്പ്)

# വാർത്താച്ചുരുക്കം

* തൃശ